

തേജസ്വിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിക്കുവേണ്ടി കണ്ണൂർ ജില്ലയിലെ പെരിങ്ങോത്തു സ്ഥാപിക്കുന്ന ഫാക്ടറിയുടെ ശിലാസ്ഥാപനം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു.

# കർഷകരെ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധം: മുഖ്യമന്ത്രി

പെരിങ്ങോം (കണ്ണൂർ)● കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.

നാളികേര വികസന ബോർഡിന്റെ സഹായത്തോടെ കർഷക കൂട്ടായ്മയിൽ രൂപീകരിച്ച തേജ്വസിനി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ പെരിങ്ങോത്ത് സ്ഥാപിക്കുന്ന ഫാക്ടറി സമുച്ചയ ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവിലലഭിക്കാത്തതുംരോഗം ബാധിച്ച് ഉൽപ്പാദനം കുറയുന്നതും സർക്കാർ ഗൗരവത്തോടെയാണ് നോക്കിക്കാണുന്നതെന്നും സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും കർഷകർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു.

നീര ഉൽപ്പാദനം പ്രോൽസാഹിപ്പിക്കൽ സർക്കാർ നയമാണെന്ന് നീരയുടെ ഉൽപ്പന്നം വിപണിയിൽ ഇറക്കൽ ചടങ്ങ് നിർവഹിച്ച മന്ത്രി കെ.സി. ജോസഫ് പറഞ്ഞു. സി. കൃഷ്ണൻ എംഎൽഎ അധ്യക്ഷത വഹിച്ചു.

നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് മുഖ്യ പ്രഭാഷണവും സർട്ടിഫിക്കറ്റ് വിതരണവും നടത്തി.